LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, വികലാംഗർക്കായുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കഴിഞ്ഞ പദ്ധതികാലത്ത് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ആരംഭിച്ചതാണ്. 80 ശതമാനം ചെലവ് കേന്ദ്ര ഗവൺമെന്റും 20 ശതമാനം ചെലവ് സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കുന്നത്. ഈ പുതിയ പദ്ധതിയിൽ കേന്ദ്രം സാമ്പത്തിക സഹായം നിർത്തിവച്ചിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് ഇത് മുഴുവനായി ഏറ്റെടുക്കുന്നതിന്റെ പ്രൊസീഡുവറൽ പ്രോബ്ളംസാണ് ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഒരു പ്രത്യേക സെല്ലായി നിലനിർത്തുന്നതിന് ആവശ്യമായ സാമ്പത്തിക ക്രമീകരണങ്ങൾ ഫൈനാൻസ് വകുപ്പിൽനിന്നും ഉണ്ടാക്കേണ്ടതുണ്ട്. അതിനുള്ള പേപ്പർ വർക്ക് നടക്കുകയാണ്. അത് നിലനിർത്താനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അടച്ചുപൂട്ടലിന്റെ പ്രശ്നമില്ല. ഡിപ്ലോയ്മെന്റുവഴിയാണ് നിലനിർത്തിയിട്ടുള്ളത്. ഡിപ്പാർട്ടുമെന്റിലുള്ള സ്റ്റാഫിനെയൊക്കെ ഉപയോഗിച്ചാണ് പ്രത്യേകം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിച്ചത്. ചില പ്രത്യേക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. അവ നിലനിർത്താൻ കഴിയുമോയെന്നത് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. എന്തായാലും വികലാംഗർക്കുള്ള പ്രത്യേക സൗകര്യങ്ങൾ നിലനിർത്തുകതന്നെ ചെയ്യും. അതിനുള്ള നടപടികൾ നടന്നുവരുകയാണ് ; ഏതാനും ദിവസങ്ങൾക്കകം അവ പൂർത്തിയാകും.

(3) ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകളിൽനിന്ന് പണാപഹരണം നടത്തുന്നതിനെക്കുറിച്ച് അന്വേഷണം

ശ്രീ. പി. ജയരാജൻ : സർ, വ്യാജ ഡ്രാഫ്റ്റുകൾവഴി മെയിൽ ട്രാൻസ്ഫർ നടത്തി ജില്ലാ സഹകരണ ബാങ്കുകളുടെ കീഴിലുള്ള ശാഖകളിൽനിന്ന് പണാപഹരണം നടത്തുന്ന ഗൂഡസംഘത്തെക്കുറിച്ച് ഊർജ്ജിത അന്വേഷണം നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. കോട്ടയം ജില്ലാ സഹകരണ ബാങ്കിൽനിന്ന് 10,00,000 രൂപയാണ് വ്യാജ ട്രാൻസ്ഫറിലൂടെ തട്ടിയെടുത്തത്. കഴിഞ്ഞവർഷം ട്രാൻസ്ഫർ തട്ടിപ്പിലൂടെ മൂവാറ്റുപുഴ അർബൻ ബാങ്കിൽനിന്ന് 5,33,000 രൂപയാണ് തട്ടിയെടുത്തത്. കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ മെയിൻ ബ്രാഞ്ചിൽനിന്ന് തൃശ്ശൂർ സ്വദേശി ഇസ്മയിൽ എന്ന വ്യാജ പേരിലും പാലാ ബ്രാഞ്ചിൽനിന്ന് മറ്റൊരു പേരിലും അക്കൗണ്ട് ആരംഭിച്ചാണ് ഈ തട്ടിപ്പ് നടത്തിയിരിക്കുന്നത്. പാലാ ബ്രാഞ്ചിൽനിന്ന് 2,60,000 രൂപ തട്ടിയെടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ രാമനാട്ടുകര ശാഖയിൽനിന്നുള്ള മെയിൽ ട്രാൻസ്ഫറാണ് കൃത്രിമമായി അയാൾ ഉണ്ടാക്കിയത്. ഇങ്ങനെ വ്യാജ ഡി.ഡി. തയ്യാറാക്കിക്കൊണ്ട് തട്ടിപ്പ് നടത്തിയതിന്റെ ഫലമായി സഹകരണ ബാങ്കിലെ പണമിടപാടുപോലും ഇന്ന് ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തി കുറ്റവാളികളെ മുഴുവനും പിടിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ തിരുനക്കര മെയിൻ ബ്രാഞ്ചിൽനിന്ന് 2002-03 കാലയളവിൽ അഞ്ചുപേർ ചേർന്ന് വ്യാജചെക്ക്, ഫിക്സഡ് ഡെപ്പോസിറ്റ് രസീത് നൽകി നാലരലക്ഷം രൂപ പിൻവലിച്ചതായി പരാതി ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് ചാർജ് ചെയ്ത് അന്വേഷണം നടത്തി. രണ്ട് പ്രതികളെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി. മറ്റ് മൂന്ന് പ്രതികൾ ഒളിവിലാണ്. 2003 ജനുവരിയിൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് രാമനാട്ടുകര ബ്രാഞ്ചിന്റെ വ്യാജ മെയിൽ ട്രാൻസ്ഫർ അഡ്രസ് കാണിച്ച് കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ പാലാ ശാഖയിൽനിന്ന് 3,30,000 രൂപയും കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ കുന്നിക്കോട് ശാഖയിൽനിന്ന് ലഭിച്ച വ്യാജ മെയിൽ ട്രാൻസ്ഫർവഴി കോട്ടയം സഹകരണ ബാങ്കിന്റെ പാലയിലെ മെയിൻ ശാഖയിൽനിന്നും അഞ്ച് ലക്ഷത്തിലധികം രൂപയും ആരോ കബളിപ്പിച്ച് എടുത്തതായി പരാതി ലഭിച്ചു. പാലാ പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നുണ്ട്. മലപ്പുറത്ത് തിരൂരങ്ങാടിയിലെ കനറാ ബാങ്കിൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ അഴിയൂർ ശാഖയിൽനിന്നും ലഭിച്ച 1,80,000 രൂപയുടെ ഡ്രാഫ്റ്റ് സൂക്ഷ്മമായ പരിശോധനയിൽ വ്യാജമാണെന്ന് കണ്ടെത്തി പണം പിൻവലിക്കുവാനുള്ള അനുവാദമില്ലാത്ത വിവരം മേലുദ്യോഗസ്ഥരെ അറിയിച്ചിട്ടുള്ളതാണ്.

(4) തിരുവനന്തപുരം നഗരത്തിലെ ട്രാൻസ്പോർട്ട് ബസ് സർവ്വീസ് സംവിധാനത്തിലെ പരിഷ്ക്കരണം

ശ്രീ. കെ. മോഹൻകുമാർ : സർ, ബസ് യാത്രക്കാരുടെ സംഖ്യ ക്രമാതീതമായി വർദ്ധിച്ചുവരുന്ന തലസ്ഥാന നഗരിയിൽ ഗതാഗത സംവിധാനം കാലോചിതമായി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജ് ബസ് ഡിപ്പോ കഴിയുംവേഗം പ്രവർത്തനം ആരംഭിക്കണം. 1976-ലെ മെഡിക്കൽ കോളേജ് ഏരിയാ വികസന പദ്ധതിയുടെ ഭാഗമായി ബസ് സ്റ്റേഷനും പാർക്കിംഗ് ഗ്രൗണ്ടിനും ആവശ്യമായ സ്ഥലം അന്നുതന്നെ പ്രത്യേകമായി മാറ്റിയിട്ടിട്ടുള്ളതാണ്. തലസ്ഥാന വികസന പദ്ധതിയിലെങ്കിലും ഉൾപ്പെടുത്തി ആ സ്ഥലം ഏറ്റെടുത്ത് ഡിപ്പോ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, 1982-87 കാലഘട്ടത്തിൽ ആരംഭിച്ച പേരൂർക്കട ഡിപ്പോ ശാപമോക്ഷത്തിന്റെ പ്രതീക്ഷയിലാണ്. ഫാസ്റ്റ് പാസഞ്ചർ, ലോക്കൽ ബസ്സുകൾ കൂടി അവിടെ നിന്നും ആരംഭിക്കത്തക്കവിധത്തിൽ പേരൂർക്കട ഡിപ്പോയെ അപ്ഗ്രേഡ് ചെയ്തും പുതിയ ബസ് സർവ്വീസുകൾ അനുവദിച്ചും ഒറ്റ ബസ് മാത്രമുള്ള ഷെഡ്യൂൾ കാൻസൽ ചെയ്തത് പുനഃസ്ഥാപിച്ചും നഗരഗതാഗത സംവിധാനം പരിഷ്ക്കരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, അങ്ങേക്ക് അറിയാം സിറ്റിയിൽ ഫാസ്റ്റ് പാസഞ്ചർ അനുവദിക്കുവാൻ പറ്റില്ലെന്ന്. അത് തമ്പാനൂരിൽനിന്നേ ആരംഭിക്കുവാൻ കഴിയൂ. എല്ലാ സിറ്റികളുടെയും സ്ഥിതി അതാണ്. ദീർഘദൂര സർവ്വീസുകൾക്കാണ് ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ അനുവദിക്കുന്നത്. പേരൂർക്കട ഡിപ്പോയ്ക്ക് നമ്മുടെ സാമ്പത്തിക സ്ഥിതി